ഗുരുമാർഗം

കാരുണ്യസ്വരൂപിയായ സർവത്ര സമരൂപനായി വിലസുന്ന അങ്ങേയറ്റം മംഗളസ്വരൂപിയായ ഈശ്വരൻ എല്ലാം അറിയുന്നവനാണ്. ശിരസിൽ ദേവഗംഗയും ചന്ദ്രക്കലയും അണിഞ്ഞിട്ടുള്ള അല്ലയോ ഭഗവാൻ, അവിടുന്ന് അനുഗ്രഹിക്കണം.

www.keralakaumudi.com www.facebook.com/keralakaumudi

ഒരു ജാതി ഒരു മതം ഒരു ദൈവം

ആയില്യം 41-39
പ്രഥമ 00 - 31
ദ്വിതീയ 51 - 25
1940 മാഘം 02
1440 ജമാദുൽ അവ്വൽ 16
1194 മകരം 08

എൻഡോസൾഫാന്റെ പ്രേതങ്ങൾ വീണ്ടും

കീടനാശിനികൾ തളിക്കുന്നത് മൂലമുള്ള മാരകസ്വഭാവം അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന പച്ചക്കറികൾക്കാണെന്ന വിശ്വാസത്തിലായിരുന്നു മലയാളികൾ. തമിഴ്നാട്ടിലും മറ്റും കേരളത്തിലേക്ക് അയയ്ക്കാൻ പച്ചക്കറികൾ പ്രത്യേകം കൃഷി ചെയ്യാറുണ്ടെന്ന് വരെയാണ് കേട്ടിരുന്നത്. കേടാവാതിരിക്കാൻ വലിയ തോതിലും വിളവെടുക്കുന്നതിന്റെ തലേദിവസം പോലും അതിമാരകമായ കീടനാശിനികൾ തളിക്കും. ആശങ്കയോടെയാണ് അന്യസംസ്ഥാനത്ത് നിന്നുള്ള പച്ചക്കറികളും പഴവർഗങ്ങളും വാങ്ങിയിരുന്നത്. സംസ്ഥാനത്തും കീടനാശിനികളുടെ ഉപയോഗത്തിന് ഒരു കുറവുമില്ലെന്നാണ് ഞെട്ടിക്കുന്ന പുതിയ വിവരം. തിരുവല്ലയിൽ കീടനാശിനി തളിക്കാൻ നിയോഗിക്കപ്പെട്ട രണ്ട് കർഷകത്തൊഴിലാളികൾ അകാലമരണത്തിന് കീഴടങ്ങിയത് രണ്ട് ദിവസം മുമ്പാണ്. കൂടിയ അളവിൽ കീടനാശിനി തളിച്ചതാകാം മരണ കാരണമെന്നാണ് ഒരു അനുമാനം. അതിന് അർത്ഥം ഒരു നിയന്ത്രണവുമില്ലാതെ യഥേഷ്ടം കീടനാശിനി തളിക്കാവുന്ന സാഹചര്യം സംസ്ഥാനത്ത് നിലനിൽക്കുന്നുവെന്ന് തന്നെയാണ്.

കർഷകരുടെ ലാഭക്കൊതി മാത്രമാണോ കീടനാശിനികളുടെ ഉപയോഗം വീണ്ടും വർദ്ധിക്കാൻ കാരണം? അങ്ങനെ കരുതിയാൽ യഥാർത്ഥ കാരണങ്ങളിൽ എത്താനോ പരിഹാരം കാണാനോ കഴിയാതെ വരും. ജൈവകീടനാശിനികളോ, സാധാരണ രാസകീടനാശിനികളോ ഫലപ്രദമാകാത്തതാവാം വിഷത്തിന്റെ മാർഗം തിരഞ്ഞെടുക്കാൻ കർഷകരെ പ്രേരിപ്പിക്കുന്നത്. രാസപദാർത്ഥങ്ങൾക്കെതിരെ പ്രതിരോധശേഷി കൈവരിക്കാനുള്ള കഴിവ് പല കീടങ്ങൾക്കുമുണ്ട്. ഈ കഴിവ് ആർജ്ജിക്കുന്ന കീടങ്ങളെ നശിപ്പിക്കാൻ കർഷകർ മുതിരുക സ്വാഭാവികമാണ്. കണ്ടെത്തേണ്ടത് വിഷത്തിന്റെ വഴി തേടാൻ കർഷകർ എന്തുകൊണ്ട് മുതിരുന്നുവെന്നാണ്. പ്രധാനമായും രണ്ടാണ് കാരണങ്ങൾ. ഒന്ന്: കീടനാശിനികളുടെദുരുപയോഗം നിയന്ത്രിക്കാനോ, വിഷാംശമുള്ള പച്ചക്കറികളുടെയും പഴവർഗങ്ങളുടെയും വില്പന തടയാനോ ഉള്ള സംവിധാനം ഫലപ്രദമല്ല. രണ്ട്: ഈ വിപത്തിനെതിരായ ബോധവത്കരണം ഒട്ടും കാര്യക്ഷമമല്ല. നിർവീര്യമാകാൻ രണ്ടോ മൂന്നോ ആഴ്ച വേണ്ടിവരുന്ന കീടനാശിനികൾ വിളവെടുപ്പിന് രണ്ടോ മൂന്നോ ദിവസം മുമ്പ് പോലും ചില കർഷകർ തളിക്കാറുണ്ട്. വില്പന വൈകിയാലും കേടാവാതെ സൂക്ഷിക്കുകയാണ് ലക്ഷ്യം. വിഷാംശമുള്ള പച്ചക്കറികൾ കണ്ടെത്താവുന്നതേയുള്ളൂ. കണ്ടെത്താനോ ശിക്ഷാനടപടി സ്വീകരിക്കാനോ ഫലപ്രദമായ ഒരു സംവിധാനമുണ്ടെങ്കിൽ കീടനാശിനിപ്രയോഗം വ്യാപകമാകുമായിരുന്നില്ല.

> തിരുവല്ലയിൽ കീടനാശിനി തളിക്കാൻ നിയോഗിക്കപ്പെട്ട രണ്ട് കർഷകത്തൊഴിലാളികൾ അകാലമരണത്തിന് കീഴടങ്ങിയത് രണ്ട് ദിവസം മുമ്പാണ്. കൂടിയ അളവിൽ കീടനാശിനി തളിച്ചതാകാം മരണ കാരണമെന്നാണ് ഒരു അനുമാനം. അതിന് അർത്ഥം ഒരു നിയന്ത്രണവുമില്ലാതെ യഥേഷ്ടം കീടനാശിനി തളിക്കാവുന്ന സാഹചര്യം സംസ്ഥാനത്ത് നിലനിൽക്കുന്നുവെന്ന് തന്നെയാണ്

എൻഡോസൾഫാന്റെ ഇരകളെ ഓർക്കാതിരിക്കുകയാണ് അധികാരികൾ. കീടനാശിനികളുടെ ദുരുപയോഗം കണ്ടെത്താനുള്ള പരിശോധനയും ശിക്ഷാനടപടിയും പ്രായോഗികമല്ലെന്ന് കരുതുന്നത് മൗഢ്യമാണ്. കുടിൽ വ്യവസായം പോലെ ചാരായം നിർമ്മിക്കാവുന്നതേയുള്ളൂ. ഏറെ ആദായകരവുമാണ്. പക്ഷേ,സമൂഹത്തിൽ വളരെ കുറച്ച് പേർ മാത്രമേ അതിന് ഒരുമ്പെടാറുള്ളൂ. നീതിബോധം മൂലമൊന്നുമല്ല, ശിക്ഷാ നടപടി ഭയന്നാണ് ചാരായം വാറ്റാനുള്ള സാങ്കേതികവിദ്യ വശമുള്ള ഭൂരിഭാഗം പേരും അതിന് ഒരുമ്പെടാത്തത്. ചാരായ ഉത്പാദനം വ്യാപകമായാൽ വിദേശമദ്യങ്ങളുടെ കച്ചവടത്തെ ബാധിക്കുമെന്നും നികുതിവരുമാനം കുറയുമെന്നും സർക്കാരിന് അറിയാം. അതിനാൽ, കർശനമായി തടയുന്നു. കീടനാശിനികളുടെ കാര്യത്തിലും ഇതേ സമീപനമാണ് ആവശ്യം.

കീടനാശിനികളുടെ മാരകസ്വഭാവം എത്രത്തോളമെന്ന് ഉപയോഗിക്കുന്ന കർഷകർക്ക് പോലും അറിയില്ല. കീടനാശിനി തളിച്ച പച്ചക്കറികൾ സ്വന്തം വീട്ടിലും ഉപയോഗിക്കുന്ന കർഷകരുണ്ട്. കഴിച്ചിട്ട് ഒന്നും സംഭവിക്കുന്നില്ലല്ലോയെന്ന ചിന്തയാണ് വിഷം കലർന്ന പച്ചക്കറികൾ ഉപയോഗിക്കുന്നതിനും വിൽക്കുന്നതിനുമൊക്കെ കാരണം. കരൾരോഗവും അർബുദവും ബാധിക്കാൻ സാദ്ധ്യതയുണ്ടെന്ന മുന്നറിയിപ്പുകൾ ദുർബലമാണ്. കീടനാശിനി ബോട്ടിലുകളുടെ പുറത്ത് അപായ ചിഹ്നമോ ചുവപ്പ് ത്രികോണമോ നൽകിയതുകൊണ്ട് മാത്രം കാര്യമില്ല. കർഷകരുടെ മനസിൽ തങ്ങിനിൽക്കും വിധമുള്ള ബോധവത്കരണമാണ് ആവശ്യം. 'ജൈവപച്ചക്കറി' എന്ന ലേബൽ ഉപയോഗിച്ച് പോലും കീടനാശിനിയുടെ അംശമുള്ള പച്ചക്കറികളും പഴവർഗങ്ങളും വിൽക്കുന്ന സ്ഥാപനങ്ങളുണ്ടെന്നാണ് വിവരം. ഈ സ്ഥാപനങ്ങളിൽ പോലും പരിശോധനകൾ നടത്താറില്ലെന്ന ആക്ഷേപമുണ്ട്. ഭഷ്യവസ്തുക്കളിലും വിഷമെന്ന വിപത്തിനെ അധികാരികൾ ലാഘവത്തോടെ കാണുന്നതിന് ഒരു ഉദാഹരണമാണ് ഇത്. എൻഡോസൾഫാന്റെ ഇരകളെ ഓർത്തെങ്കിലും ഈ അനാസ്ഥ ഉപേക്ഷിക്കണം. ഭരണാധികാരികൾക്കും ഒരു ബോധവത്കരണം ആവശ്യമാണെന്ന് വേണം കരുതാൻ.

സുരക്ഷിത കൃഷി കേരളത്തിനാവശ്യം

ഡോ. ടി.പി. സേതുമാധവൻ

ലോകത്താകമാനം കൃത്യതകൃഷി വിപുലപ്പെട്ടുവരുമ്പോൾ, കാർഷിക വിളകൾക്കാവശ്യമായ വെള്ളം, രാസവളം, കീടനാശിനി, എന്നിവയുടെ ഉപയോഗത്തിലുണ്ടാകുന്ന അശാസ്ത്രീയത ഏറെ പ്രതിസന്ധികൾക്കിടവരുത്തുന്നു. ഇത് കാർഷിക മേഖലയിൽഉത്പാദനവും ഉത്പാദനക്ഷമതയും തുലോം കുറയാനിടവരുത്തുന്നു. ഉത്പാദന ചെലവ് വർദ്ധിച്ചു വരുമ്പോൾ അശാസ്ത്രീയ കൃഷിരീതികൾ കാർഷിക മേഖലയെ ബാധിക്കും.

സാക്ഷരതയിൽ മുന്നിട്ട് നിൽക്കുന്ന കേരളത്തിൽ കീടനാശിനിയുടെ അശാസ്ത്രീയ ഉപയോഗം മൂലം രണ്ടു പേർ മരിക്കാനിടയായത് ഏറെ ഗൗരവത്തോടെ കാണേണ്ടതുണ്ട്! ഇത് തീർത്തും നാണക്കേടുണ്ടാക്കിയിട്ടുണ്ട്. കാർഷിക മേഖലയിൽ ഉത്പാദനവും ഉത്പാദനക്ഷമതയും നിരവധി കാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. മണ്ണിന്റെ ഫലഭൂഷ്ടത, ജലസേചനം, ആവശ്യമായ മൂലകങ്ങളുടെ അളവ്, ശാസ്ത്രീയ പരിചരണം, രോഗനിയന്ത്രണ മാർഗങ്ങൾ, അനുയോജ്യമായ കാലാവസ്ഥ എന്നിവ ഇവയിൽ പ്രധാനപ്പെടുതാണ്. ശാസ്ത്രീയ കൃഷിരീതി പ്രാവർത്തികമാക്കാൻ അറിവും സ്ക്കില്ലും ആവശ്യമാണ്. കീടനാശിനിയുടെ ഉപയോഗത്തിൽ ശാസ്ത്രീയ അറിവുകൾ അത്യന്താപേക്ഷിതമാണ്. ഇതുമായി ബന്ധപ്പെട്ട സുരക്ഷാനടപടികളും, മുന്നറിയിപ്പുകളും കർഷകരും അതുപയോഗിക്കുന്നവരും അറിഞ്ഞിരിക്കണം.

സൈപ്പർ മെടിൻ, ക്വിനാൽഫോസ് എന്നീ കീടനാശിനികൾ ചേർന്ന മിശ്രിതമാണ് നെൽകൃഷിയിൽ കീടബാധയ്ക്കെതിരായി ഉപയോഗിക്കുന്നത്. ഇത്തരം കീടനാശിനികളുടെ ലേബലിൽ മുന്നറിയിപ്പുണ്ടാകുമെങ്കിലും വായിക്കാൻ കർഷകർ മിനക്കെടാറില്ല. ഇവയുടെ തോതിന്റെ കാര്യത്തിലും അശാസ്ത്രീയത നിലനിൽക്കുന്നു.

ഘട്ടംഘട്ടമായി, 2022-ഓടുകൂടി രാജ്യം പൂർണമായും ജൈവകൃഷിയിലേക്ക് മാറുമെന്ന് പറയുന്നുണ്ടെങ്കിലും കീടനാശിനി, രാസവള ഉപയോഗം എന്നിവയിൽ കാര്യമായ കുറവ് കാണപ്പെടുന്നില്ല. മാത്രമല്ല ഇവ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും കണ്ടില്ലെന്ന് നടിക്കുന്നു. അടുത്തയിടെ നീതി ആയോഗ് പുറത്തിറക്കിയ 'ന്യൂഇന്ത്യ @ 75' എന്ന റിപ്പോർട്ടിൽ രാജ്യത്തെ കാർഷിക മേഖലയുടെ വികസനത്തിനുവേണ്ട തന്ത്രങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. 2022-ഓടുകൂടി രാജ്യം പൂർണമായും ജൈവകൃഷിയിലേക്ക് മാറുമെന്ന് പറയുമ്പോഴും ഉത്പാദനം, ഉത്പാദനക്ഷമത, ഉപഭോഗം എന്നിവയിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് നീതി ആയോഗിന്റെ റിപ്പോർട്ടിൽ പരാമർശങ്ങളില്ല. മാത്രമല്ല, 2015-16 കേന്ദ്ര ബഡ്ജറ്റിൽ 2022-ഓടുകൂടി കർഷകന്റെ വരുമാനം ഇരട്ടിയാകുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ രാജ്യത്തെ കാർഷിക, വ്യവസായ, സേവന മേഖലകളിൽ കഴിഞ്ഞ നാല് വർഷത്തെ വളർച്ച വിലയിരുത്തിയാൽ സേവന മേഖല, കാർഷിക, വ്യവസായ മേഖലകളെ പിന്തള്ളി കൊണ്ട് ഏറെ മുന്നേറുകയാണെന്നത് കാണാം.

കഴിഞ്ഞ നാല് വർഷ കാലയളവിൽ കാർഷികമേഖല കൈവരിച്ച വാർഷിക വളർച്ചാ നിരക്ക് ശരാശരി 2ശതമാനം മാത്രമാണ്. 2022 ഓടുകൂടി കാർഷിക വരുമാനം ഇരട്ടിയാക്കണമെങ്കിൽ കാർഷിക മേഖല ഇതിനകം 10.4 ശതമാനം വളർച്ച കൈവരിക്കണമായിരുന്നു. 2022 ആകുമ്പോഴേക്കും കാർഷിക മേഖലയുടെ വളർച്ച 13.4 ശതമാനം കവിഞ്ഞാൽ മാത്രമേ വരുമാനം ഇരട്ടിയാകുകയുള്ളൂ. നാഷണൽ സാംപിൾ സർവ്വെ അനുസരിച്ച്, കർഷകന്റെ ആളോഹരി വാർഷിക വരുമാനം 96500/- രൂപയോളം മാത്രമാണ്. വരുമാനം ഇരട്ടിയാകുമ്പോൾ 2022 ഓടുകൂടി 193000/- രൂപയിലെത്തണം. അതിനാൽ കർഷകന്റെ വരുമാനം 2022-ഓടുകൂടി ഇരട്ടിയാക്കുക എന്ന പ്രഖ്യാപനം നിലവിൽ വരാൻ സാധ്യത വളരെ കുറവാണ്.

> കാർഷിക മേഖലയിലെ കീടനാശിനികളുടെയും രാസവളങ്ങളുടെയും മരുന്നുകളുടെയും ഉപയോഗത്തിൽ കൃത്യത രീതികൾ പരിശീലിപ്പിക്കാനും പ്രാവർത്തികമാക്കാനും ഇനി വൈകരുത്

കാർഷിക മേഖലയിൽ സാങ്കേതിക വിദ്യ ഇന്ന് കരുത്താർജിച്ചു വരുന്നു. പ്രിസിഷൻ കൃഷി രീതികളും, സെൻസറുകൾ ഉപയോഗിച്ചുള്ള പരിചരണ രീതികളും, ഇന്റർനെറ്റ് ഓഫ് തിങ്സും, ആർട്ടിഫിഷ്യൽ ഇന്റലിജൻസും, ബ്ലോക്ക് ചെയ്ൻ ടെക്നോളജിയും വിപുലപ്പെട്ടുവരുന്നു. കീടനാശിനികളുടെയും രാസവസ്തുക്കളുടെയും തോത് കണ്ടെത്താൻ ഇന്റർനെറ്റ് ഓഫ് തിങ്സും, ബ്ലോക്ക് ചെയ്ൻ ടെക്നോളജിയും ഫലപ്രദമായി ഉപയോഗിച്ചു വരുന്നു. കൃഷിയും ഐടിയും ചേർന്നുള്ള ആഗ്രി അനലറ്റിക്സ് ഏറെ വിപുലപ്പെട്ടുവരുന്നു. ഹൈദരാബാദിലെ ICRISAT, മൈക്രോസോഫ്റ്റ്, ടെക് മഹീന്ദ്ര എന്നിവ ആയിരത്തോളം കാർഷിക വിദഗ്ധരെഅഗ്രി അനലറ്റിക്സ് പരിശീലിപ്പിക്കുന്നതിനുള്ള ശ്രമത്തിലാണ്. മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണത്തിലും, വിപണനത്തിലും വിവരസാങ്കേതിക വിദ്യ ഏറെ പ്രാധാന്യമർഹിക്കുന്നു. കാർഷിക മേഖലയിൽ തൊഴിൽ നൈപുണ്യ വികസനത്തിനുവേണ്ടി രാജ്യത്ത് അഗ്രികൾച്ചർ സെക്ടർ സ്കിൽസ് നിലവിലുണ്ട്. കാർഷിക മേഖലയിലെ ഉത്പാദനം, പരിചരണം, രോഗനിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട് കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സ്കിൽ വികസനം ലക്ഷ്യമിട്ടാണ് അഗ്രികൾച്ചർ സെക്ടർ സ്കിൽസ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് മികച്ചരീതിയിൽ പ്രവർത്തിക്കുന്ന കാർഷിക സർവകലാശാലയും കൃഷിവകുപ്പും നിരവധി പൊതുമേഖലാ സ്ഥാപനങ്ങളുമുണ്ട്. 7000- തോളം കാർഷിക വിദഗ്ധരുള്ള സംസ്ഥാനം കൂടിയാണ് കേരളം. ഉത്പാദന മേഖലയ്ക്ക് പ്രാധാന്യം നൽകുന്ന വികേന്ദ്രീകരണ ആസൂത്രണം നടപ്പിലാക്കുന്നതിൽ കേരളം മറ്റു സംസ്ഥാനങ്ങളെക്കാൾ ഏറെ മുന്നിലുമാണ്. കാർഷിക മേഖലയിലെ കീടനാശിനികളുടെയും രാസവളങ്ങളുടെയും മരുന്നുകളുടെയും ഉപയോഗത്തിൽ കൃത്യത രീതികൾ പരിശീലിപ്പിക്കാനും പ്രവാർത്തികമാക്കാനും ഇനി വൈകരുത്. ഫിലിപ്പീൻസ് പോലുള്ള രാജ്യങ്ങൾ നെൽകൃഷിയിൽ നടപ്പിലാക്കി വരുന്ന ശാസ്ത്രീയ കൃത്യത കൃഷിരീതികൾ, തൊഴിൽ നൈപുണ്യ പദ്ധതികൾ എന്നിവ നമുക്കും മാതൃകയാക്കാവുന്നതാണ്.

അഫ്ഗാൻ സമാധാനശ്രമങ്ങളിലെ ഇന്ത്യൻ പങ്കാളിത്തം

പി.എസ്. ശ്രീകുമാർ

അഫ്ഗാനിസ്ഥാന് ഇന്ത്യ നൽകുന്ന സഹായത്തെ നിസാരവത്കരിച്ച കൊണ്ടുള്ള അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പ്രസ്താവന വിദേശകാര്യ നിരീക്ഷകരെ അമ്പരിപ്പിച്ചിരിക്കുകയാണ്. താലിബാനെതിരെ യുദ്ധം നയിക്കുന്ന അമേരിക്കയോടൊപ്പം ഇന്ത്യ അണിചേരാതിരുന്നതിന്റെ പരിഭവമായിരിക്കാം അദ്ദേഹത്തിന്റെ വാക്കുകളിൽ നിഴലിക്കുന്നത്. 2011-ൽ സൈനിക ഇടപെടലിലൂടെ താലിബാനെ അഫ്ഗാൻ ഭരണത്തിൽ നിന്നും പുറത്താക്കിയപ്പോൾ തുടങ്ങിയ അമേരിക്കയുടെ സജീവ സൈനിക ഇടപെടൽ ഇപ്പോഴും തുടരുകയാണ്. ഇതിനോടകം മൂന്ന് ലക്ഷം കോടി ഡോളറിന മുകളിൽ അഫ്ഗാൻ യുദ്ധത്തിനായി അമേരിക്ക ചെലവഴിച്ചു. നിരവധി അമേരിക്കൻ സൈനികർ കൊല്ലപ്പെട്ടു. എന്നിട്ടും അഫ്ഗാൻ മണ്ണിൽ നിന്നും താലിബാനെ തുടച്ചുനീക്കുമെന്ന പ്രഖ്യാപനം ജലരേഖയായി നിൽക്കുകയാണ്. ഇന്നും 14000-ത്തിന് മേൽ അമേരിക്കൻ സൈനികർ അഫ്ഗാൻ സൈനികരോടൊപ്പം ആഭ്യന്തര യുദ്ധത്തിൽ പങ്കാളികളായി അവിടെയുണ്ട്. വിദേശരാജ്യങ്ങളിൽ നിയോഗിച്ചിട്ടുള്ളസൈനികരെപിൻവലിച്ചുകൊണ്ട്, അതിനു വേണ്ടിവരുന്ന തുക 'അമേരിക്കയെ മഹത്തരമാക്കുക' എന്ന തിരഞ്ഞെടുപ്പ് വാഗ്ദാനം നടപ്പിലാക്കാനായി ഉപയോഗിക്കുമെന്ന് അധികാരമേറ്റപ്പോൾ ട്രംപ് പറഞ്ഞിരുന്നു. വാഗ്ദാനം നിറവേറ്റുന്നതിനുള്ളതാണ് സിറിയയിൽ നിന്നും അഫ്ഗാനിസ്ഥാനിൽ നിന്നും സൈനികരെ ഉടനടി പിൻവലിക്കുമെന്ന പ്രഖ്യാപനം. അഫ്ഗാനിന്റെ സുരക്ഷയ്ക്കായി ഇന്ത്യ ഇടപെടണമെന്ന് അമേരിക്ക ആഗ്രഹിച്ചിരുന്നു.ഐക്യരാഷ്ട്രസഭ ആവശ്യപ്പെട്ടിട്ടല്ലാതെ വിദേശരാജ്യങ്ങളിൽ സൈനിക ഇടപെടൽ ഇല്ല എന്നതാണ് ഇന്ത്യയുടെ പ്രഖ്യാപിത നയം. അതിനാലാണ് അഫ്ഗാൻ യുദ്ധമുഖത്തേക്ക് ഇന്ത്യ സൈനികരെ അയയ്ക്കാതിരുന്നത്.

മണിയപ്പന്റെ രക്തസാക്ഷിത്വം

താലിബാൻ ഭരണത്തിന്റെ അന്ത്യത്തോടെയാണ് അഫ്ഗാനിസ്ഥാനമായി നൂറ്റാണ്ടുകളായി ഉണ്ടായിരുന്ന ഇന്ത്യയുടെ ബന്ധം വീണ്ടും സുദൃഢമാകുന്നത്. താലിബാൻ ഭരണകാലത്ത് അഫ്ഗാനിസ്ഥാന്റെ സാമ്പത്തിക അടിത്തറ തകർന്ന് പോയിരുന്നു. രാജ്യത്തിന്റെ വികസനത്തിനുള്ള വിഭവങ്ങളെല്ലാം, ആയുധം വാങ്ങാനാണ് ഉപയോഗിച്ചിരുന്നത്. തകർന്നടിഞ്ഞ അഫ്ഗാൻ സമ്പദ് വ്യവസ്ഥിതി ഭദ്രമാക്കുന്നതിന് അഫ്ഗാൻ സർക്കാരുമായി ചേർന്നുള്ള സംയുക്ത പശ്ചാത്തല വികസനത്തിനാണ് ഇന്ത്യ ഊന്നൽ നൽകിയത്. അഫ്ഗാനിസ്ഥാനിലെ ഏറ്റവും പ്രധാന പ്രശ്നങ്ങളിലൊന്ന് ഗതാഗതയോഗ്യമായ റോഡുകളുടെ അഭാവമാണ്. അഫ്ഗാനുമായുള്ള സഹകരണത്തിന് ഇന്ത്യ തുടക്കം കുറിച്ചത് ഹൈവേ നിർമ്മാണത്തിലൂടെയായിരുന്നു. ഹൈവേ വികസനത്തിന് ഇന്ത്യൻ ആർമിയുടെ ബോർഡർ റോഡ്സ് ഓർഗനൈസേഷനെയാണ് ഏല്പിച്ചത്. നിമ്റോസ് പ്രവശ്യയിലെ ദെലാറം- സാരംഗ് എന്നീ നഗരങ്ങളെ ബന്ധിച്ച കൊണ്ടുള്ള ഹൈവേയാണ് ബി.ആർ.ഒ. ആദ്യം ഏറ്റെടുത്ത പ്രോജക്ടുകളിലൊന്ന്. ഇതിന്റെ നിർമ്മാണം പൂർത്തിയായതോടെ ഇറാനിലെ ഛാബഹാർ തുറമുഖത്തുനിന്നുമുള്ള ചരക്കുനീക്കത്തിന് ബദൽ മാഗമായി ഇതുമാറി. പാകിസ്ഥാനിൽ കൂടിയല്ലാതെ ഇന്ത്യയ്ക്ക് ചരക്ക് കൊണ്ടുപോകാനുള്ള പ്രധാന റോഡാണിത്. ഈ റോഡ് നിർമ്മാണ വേളയിലാണ് ബി.ആർ.ഒ ഉദ്യോഗസ്ഥനും മലയാളിയുമായ മണിയപ്പനെ 2005-ൽ താലിബാൻ തീവ്രവാദികൾ കൊലപ്പെടുത്തിയത്. ഇതിനു ശേഷമാണ് പ്രോജക്ടുകളുടെ സംരക്ഷണത്തിനായി ഇൻഡോ-തിബറ്റൻ ബോർഡർ പൊലീസിനെ ഇന്ത്യ അഫ്ഗാനിസ്ഥാനിലേക്ക് അയച്ചത്.

പ്രസിഡന്റ് ഹമീദ് കർസായി 2005-ൽ ഇന്ത്യ സന്ദർശിച്ചപ്പോൾ ഇരുരാജ്യങ്ങളും തമ്മിൽ ഗ്രാമവികസനം, വിദ്യാഭ്യാസം, സാംസ്കാരികം, വ്യാവസായികം എന്നീ രംഗങ്ങളിലെ സഹകരണത്തിനായി അന്നത്തെ പ്രധാനമന്ത്രി മൻമോഹൻ സിംഗുമായി ഉടമ്പടികൾ ഒപ്പവച്ചു. ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാരാവശ്യങ്ങൾക്കായി 350 കോടി രൂപയുടെ ധനസഹായവും അന്ന് പ്രഖ്യാപിച്ചു. കാബൂളിലെ ഇന്ത്യൻ എംബസി 2008-ൽ തീവ്രവാദികൾ ആക്രമിച്ച് 58 പേരെ കൊലപ്പെടുത്തി. പാകിസ്ഥാന്റെ രഹസ്യാന്വേഷണ ഏജൻസിയായ ഐ.എസ്.ഐയാണ് ഈ ആക്രമണം നടത്തിയതെന്ന് അഫ്ഗാൻ സർക്കാർ തന്നെ വ്യക്തമാക്കി. 2009-ൽ വീണ്ടും ഇന്ത്യൻഎംബസി ആക്രമിക്കപ്പെട്ടു. കാർ ബോംബ് സ്ഫോടനത്തിലൂടെ 17 പേരാണ് കൊല്ലപ്പെട്ടത്. ആക്രമണങ്ങളിലൂടെ ഇന്ത്യയെ പിന്തിരിപ്പിക്കാനാവുമെന്ന തീവ്രവാദികളുടെ കണക്കുകൂട്ടൽ അസ്ഥാനത്തായി. കൊളംബോയിൽ വച്ചുള്ള 15-ാം സാർക്ക് സമ്മേളനത്തിൽവച്ച് അഫ്ഗാനിസ്ഥാനുള്ള ധനസഹായം 5250 കോടി രൂപയായി ഇന്ത്യ വർദ്ധിപ്പിച്ചു. 2011-ൽ പ്രധാനമന്ത്രി മൻമോഹൻ സിംഗ്കാബൂൾ സന്ദർശിച്ചപ്പോഴേക്കും ധനസഹായം1 4000 കോടി രൂപയായി ഉയർത്തി. പുറമേ അഫ്ഗാനിസ്ഥാനിലെ ഗ്രാമീണമേഖലയിലെ ജനങ്ങളുടെ ഉപഭോഗത്തിനായി ഗോതമ്പ് ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളും ഇന്ത്യ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. 2011-ൽ അഫ്ഗാൻ സർക്കാരിന്റെ ആവശ്യപ്രകാരം ഹെലിക്കോപ്ടർ ഉൾപ്പെടെയുള്ള സൈനിക സാമഗ്രികൾക്ക് പുറമേ സൈനികർക്ക് പരിശീലനവും ഇന്ത്യ ലഭ്യമാക്കി.

> താലിബാൻ ഉൾപ്പെടെയുള്ളവരുമായി നടക്കുന്ന ചർച്ചകളിൽ ഇന്ത്യയും പങ്കെടുക്കണം. പാകിസ്ഥാനും ചൈനയും ഉൾപ്പെടെയുള്ള രാജ്യങ്ങളുമായി ചർച്ച് ചെയ്ത് അഫ്ഗാനിസ്ഥാനിൽ സാമാധാനം ഉണ്ടാക്കുന്നത് ദക്ഷ്യണേഷ്യയിലെ സമാധാന ശ്രമങ്ങൾക്ക് ആക്കം കൂട്ടും

സഹകരണം വിദ്യാഭ്യാസ മേഖലയിലേക്കും

വിദ്യാഭ്യാസ, സാംസ്കാരിക മേഖലകളിലും ഇന്ത്യാ-അഫ്ഗാൻ സൗഹൃദം ദൃഢമായി. അഫ്ഗാൻ വിദ്യാർത്ഥികൾക്ക് ഇന്ത്യയിൽ ഉപരിപഠനത്തിന് സ്കോളർഷിപ്പുകൾ ഏർപ്പെടുത്തി. അഫ്ഗാനിസ്ഥാനിലെ ഏറ്റവും വലിയ ഗ്രന്ഥശാല ഇന്ത്യ നിർമ്മിച്ച് നൽകിയതാണ്. ഗ്രന്ഥശാലകൾ നിർമ്മിച്ചു നൽകുന്നതിനെയാണ് ട്രമ്പ് നിസാരവത്കരിച്ചത്. നിരവധി സ്കൂളുകളും ഇന്ത്യ നിർമ്മിച്ചു. തൊണ്ണൂറുകളിൽ സ്ഥാപിച്ച ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ചൈൽഡ് ഹെൽത്തിന്റെ നടത്തിപ്പിനായി പ്രതിവർഷം 15 കോടി രൂപയാണ് ഇന്ത്യ നൽകുന്നത്. യാത്രാക്ലേശം പരിഹരിക്കാൻ നൂറുകണക്കിന് ബസുകൾ ഇന്ത്യ നൽകിയതിന് പുറമേ പഴയ ബസുകൾ റിപയർ ചെയ്ത് ഉപയോഗിക്കാനുള്ള സൗകര്യവും നൽകി. കാബൂളിൽ അഫ്ഗാനിസ്ഥാൻ പാർലമെന്റിനായി 710 കോടി രൂപ ചെലവിൽ ഇന്ത്യ ആധുനിക മന്ദിരം പണിത് നൽകി. പ്രധാനമന്ത്രി മോദിയും പ്രസിഡന്റ് ഹമീദ് കർസായിയും ചേർന്ന് ഈ മന്ദിരം 2015 ഡിസംബർ 25-ന് ഉദ്ഘാടനം ചെയ്തു. ശേഷം ഇന്ത്യയിലേക്ക് മടങ്ങും വഴിയാണ് അപ്രതീക്ഷിതമായി മോദി ലാഹോറിൽ പാക് പ്രധാനമന്ത്രി നവാസ് ഷെരിഫിന്റെ വസതി സന്ദർശിച്ചത്.

കാർഷിക രംഗത്ത് അഫ്ഗാൻ നേരിടുന്ന പ്രധാനപ്രശ്നം ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനൊപ്പം, ഊർജ്ജ പ്രതിസന്ധി മറികടക്കാനായി ഇരുപതിനായിരം കോടി രൂപ ചെലവിൽ ഇന്ത്യ സൽമാ അണക്കെട്ട് നിർമ്മിച്ചു. ഇതിൽ നിന്നും 42 മെഗാവാട്ട് വൈദ്യുതിയും ഉത്പാദിപ്പിക്കുന്നുണ്ട്. ഇന്ത്യയുടെ സഹായങ്ങൾക്കുള്ള പ്രത്യുപകാരമായി ഈ അണക്കെട്ടിന്റെ പേര് അഫ്ഗാൻ- ഇന്ത്യാ സൗഹൃദ അണക്കെട്ടെന്ന് അഫ്ഗാൻ സർക്കാർ നാമകരണം ചെയ്തു. 10000 ഹെക്ടർ സ്ഥലത്ത് ജലസേചനത്തിന് ഉപയോഗപ്രദമാകത്തക്ക രീതിയിൽ, ഷാതൂത് ഡാമും ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ നിർമ്മാണത്തിലാണ്. 2019 ആഗസ്റ്റിൽ ഉദ്ഘാടനം ചെയ്യപ്പെടുമെന്നു പ്രതീക്ഷിക്കുന്നു. സൈനിക നടപടികൾക്കായി അമേരിക്ക കോടിക്കണക്കിന് ഡോളർ അഫ്ഗാനിസ്ഥാനിൽ ചെലവഴിക്കുമ്പോൾ അഫ്ഗാന്റെ വളർച്ചയ്ക്കും വികസനത്തിനും ഊന്നൽ ന